**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4696 28.6.2013-ൽ മറുപടിയ്ക്ക്**

## കോഴിയിറച്ചി, മുട്ട എന്നിവയുടെ വില ഉയരുന്നതിന്റെ കാരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) | സംസ്ഥാനത്ത് കോഴിയിറച്ചി,മുട്ട എന്നിവയുടെ വില ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) | ഇതിന്റെ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) | തമിഴ്നാട് ലോബി കൃത്രിമ ക്ഷാമം ഉണ്ടാക്കി വില വർദ്ധിപ്പിക്കുന്നു എന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; | സി) ഉണ്ട്.കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കോഴികർഷകർക്ക് കോഴിക്കുഞ്ഞ്, കോഴിത്തീറ്റ എന്നിവയ്ക്ക് മിക്കവാറും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇവയുടെ വില വർദ്ധിക്കുകയും ഉദ്പാദന ചെലവ് അനിയന്ത്രിതമായിത്തീരുകയും അതിനനുസൃതമായി കർഷകർക്ക് വില ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം കേരളത്തിൽ നിലനില്ക്കുന്നുണ്ട്. അതിനു കാരണം ഉത്പാദന ചെലവ് താരതമ്യേന കുറഞ്ഞ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കോഴികളെ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കഴിയുന്നു എന്നുള്ളതാണ്. ഇക്കാരണത്താൽ കേരളത്തിൽ കോഴിവളർത്തലിൽ ഏർപ്പെട്ടിരുന്ന മിക്ക കർഷകരും ആ തൊഴിൽ ഉപേക്ഷിക്കുകയും ഇറച്ചിക്കും മുട്ടയ്ക്കും മറ്റു സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു. ഇതു മനസ്സിലാക്കിയ അന്യസംസ്ഥാന ലോബി വില കൂട്ടുന്നതിനു വേണ്ടി ഇടയ്ക്കിടയ്ക്ക് കോഴികളെ കൊണ്ടു വരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി കൃത്രിമക്ഷാമം സൃഷ്ടിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | കോഴികുഞ്ഞുങ്ങൾ , കോഴിത്തീറ്റ എന്നിവ കേരളത്തിലെ ഫാം ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ നൽകി കേരളത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) കോഴികുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ കുറഞ്ഞ നിരക്കിൽ കർഷകർക്ക് നൽകുന്നതിനും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന ഇന്റഗ്രേഷൻ പദ്ധതി സംസ്ഥാനത്തിലുടനീളം വ്യാപിപ്പിക്കുവാനും അവയിലൂടെ കൂടുതൽ ഇറച്ചികോഴികളെ വളർത്തിയെടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കോഴിവളർത്തൽ രംഗം ഉപേക്ഷിച്ച് പോയ കർഷകരെ കണ്ടെത്തി അവരുടെ ഫാമുകൾ ഏറ്റെടുത്ത് അവയിലൂടെ കൂടുതൽ ബ്രോയിലർ കോഴികുഞ്ഞുങ്ങളെ വളർത്തിയെടുക്കുന്നതാണ്. ഇവയ്ക്ക് പുറമേ ഈ കോർപ്പറേഷന്റെ കീഴിലുള്ള ഹാച്ചറികളുടെ ശേഷി വർദ്ധിപ്പിക്കാനും അതു വഴി 1 കോടി ബ്രോയിലർ കുഞ്ഞുങ്ങളെ അധികമായി ഉൽപാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കർഷകർക്ക് കോഴിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തൃശ്ശൂർ ജില്ലയിലെ മാളയിൽ ഒരു ഹൈടെക്, കോഴിത്തീറ്റ നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പ്രതിദിനം 180 ടൺ ഉദ്പാദനശേഷിയുള്ള ഈ ഫാക്ടറിയിൽ പൂർണ്ണതോതിൽ ഉത്പാദനം ആരംഭിക്കുന്നതോടുകൂടി കോഴിത്തീറ്റക്ഷാമം ഒരളവു വരെ പരിഹരിക്കാൻ കഴിയും |

Seele

സെക്ഷൻ ഓഫീസർ